"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർക്ക് ഡയപ്പർ വാങ്ങി നൽകാനും, മെൻസ്ട്രുവൽകപ്പ് ഉപയോഗിക്കാൻ കഴിയാത്ത ബി.ആർ.സി. അന്തേവാസികൾക്ക് സാനിറ്ററി പാഡ് വാങ്ങി നൽകുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1629/2025/LSGD തീയതി,തിരുവനന്തപുരം, 01-07-2025

പരാമർശം:-

1. സ.ഉ.(സാധാ)നം. 553/2019/തസ്വഭവ; തീയതി 07.03.2019
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
5. Voice Of Disabled പൊന്മന പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയുടെ 05.02.2024ലെ അപേക്ഷ
6. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 21.06.2024ലെ SJD/3917/2024-D7 നമ്പർ കത്ത്
7. സ.ഉ.(സാധാ) നം.2559/2024/LSGD; തീയതി 30.12.2024
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.04.2025ലെ LSGD/PD/26030/2024-EMP1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിനികൾക്ക് ഉപയോഗിക്കുന്നതിനായി സാനിറ്ററിപാഡുകളും, ഭിന്നശേഷിക്കാരായ കിടപ്പ് രോഗികൾക്ക് ഡയപ്പറുകളും അനുവദിക്കണമെന്ന് Voice Of Disabled പൊന്മന പഞ്ചായത്ത് കമ്മിറ്റി പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. ബി.ആർ.സി.കളിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിനികൾക്ക് സാനിറ്ററി പാഡും ഭിന്നശേഷിക്കാരായ കിടപ്പ് രോഗികൾക്ക് ഡയപ്പറും നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വളരെ ഉപകാരപ്രദമായിരിക്കുമെന്നും, പദ്ധതി മാർഗരേഖയിൽ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയോ, ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട് ആയോ പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും, സാനിറ്ററി പാഡ് ഡിസ്പോസ് ചെയ്യുന്നത് ബുദ്ധിമുട്ട് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മെൻസ്ട്രുവൽ കപ്പ് വിതരണവും പരിഗണിക്കാവുന്നതാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 8 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെറിബ്രൽ പാൾസി ബാധിച്ചവർക്ക് ഡയപ്പർ വാങ്ങി നൽകാൻ പരാമർശം 7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. കിടപ്പുരോഗികൾക്ക് പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി വാട്ടർബെഡ്, എയർബെഡ്, വീൽചെയർ, കമ്മോഡ് ചെയർ, ചെയർ കുഷൻ തുടങ്ങിയവ നൽകുന്നതിന് പരാമർശം 1 പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ പ്രകാരവും നിലവിൽ അനുമതിയുണ്ട്. അതുപ്രകാരം കിടപ്പ് രോഗികളായ മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി ഡയപ്പറുകൾ വാങ്ങി നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രുവൽകപ്പ് നൽകുന്നതിന് പരാമർശം 4 സബ്സിഡി മാർഗ്ഗരേഖ ഉത്തരവിലെ ഖണ്ഡിക 7.6.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സാധിക്കുന്നതാണ്. ബി.ആർ.സി.കളിലെ അന്തേവാസികൾക്കും അതനുസരിച്ച് ആവശ്യമുള്ള ബോധവൽക്കരണത്തോടെ മെൻസ്ട്രുവൽ കപ്പ് നൽകാവുന്നതാണ്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന എല്ലാ അന്തേവാസികൾക്കും മെൻസ്ട്രുവൽ കപ്പ് ഉപയോഗിക്കുവാൻ കഴിയണമെന്നില്ലാത്തതിനാൽ, മെൻസ്ട്രുവൽകപ്പ് ഉപയോഗിക്കാൻ കഴിയാത്ത ബി.ആർ.സി.കളിലെ അന്തേവാസികൾക്ക് സാനിറ്ററി പാഡ് വാങ്ങി നൽകുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന് പരാമർശം 4 മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ആശുപത്രി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു. സാനിറ്ററി പാഡുകൾ, ഡയപ്പറുകൾ എന്നിവ വിതരണം ചെയ്യാനുള്ള പ്രോജക്ടിന്റെ നിർവ്വഹണത്തിനു മാർഗരേഖ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു. വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിന് മാർഗ്ഗരേഖ പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. സാനിറ്ററി പാഡുകളുടെയും ഡയപ്പറുകളുടെയും സംസ്കരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്

9. സെക്രട്ടറി, Voice Of Disabled പൊന്മന പഞ്ചായത്ത് കമ്മിറ്റി, ചപ്പനങ്ങാടി പി.ഒ. - 676503
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
22. സാമൂഹ്യ നീതി (ബി) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 01-07-2025 12:11:26
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്